# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 873** **07.02.2013-ൽ മറുപടിക്ക്**

**ജലശ്രീ ക്ലബ്ബുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ<br>,,ആർ സെൽവരാജ്<br>,, എം.പി. വിൻസന്റ്<br>,, എ.പി. അബ്ദുള്ളകുട്ടി | ശ്രീ. പി.ജെ ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജലശ്രീ ക്ലബ്ബുകളുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) ഉണ്ട്. സംസ്ഥാനത്തെ എല്ലാ ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും ജലശ്രീ ക്ലബ്ബുകൾ രൂപീകരിച്ച് അതിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകനും വിദ്യാർത്ഥികൾക്കും ജില്ലാ - ടിസ്ഥാനത്തിൽ പരിശീലനം നൽകി വരുന്നു. മഴവെള്ള സംഭരണം, ഭൂജല പരിപോഷണം, ജലഗുണ നിലവാര പരിശോധന എന്നിവയിലാണ് ക്ലബ് അംഗങ്ങൾക്ക് പരിശീലനം നൽകുന്നത്. |
| (ബി) പുതിയ ജല സംസ്കാരം വളർത്തിയെടുക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തി - യിട്ടുള്ളത് ; | (ബി) ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ജലശ്രീ-സി.സി.ഡി. യുടെ നേതൃത്വത്തിൽ ജലസംരക്ഷണം, മഴവെള്ള സംഭരണം, ഭൂജല പരിപോഷണം, ജലഗുണ നിലവാരം, ശുദ്ധ ജലത്തിന്റെ വിനിയോഗം, ജല മാനേജ് മെന്റ് എന്നീ മേഖലകളിൽ കൂടുതൽ അവബോധം കുട്ടികൾക്ക് നൽകുകയാണ് ജലശ്രീ ക്ലബ്ബുകളുടെയും ജല സൗഹൃദ വിദ്യാലയങ്ങളുടെയും പ്രവർത്തനങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | എവിടെയൊക്കെയാണ് ഇവയുടെ പ്രവർത്തനം നടത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | (സി) | സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും കോളേജുകളിലും ഘട്ടം ഘട്ടമായി പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | മികച്ച ജലസൗഹൃദ വിദ്യാലയത്തിന് പുരസ്കാരങ്ങൾ നൽകുന്നത് ആലോചിക്കുമോ ? | (ഡി) | മികച്ച ജല സൗഹൃദ വിദ്യാലയങ്ങൾക്ക് പുറമേ മികച്ച പ്രവർത്തനം നടത്തുന്ന ജലശ്രീ ക്ലബ്, മികച്ച ജലശ്രീ കോ-ഓർഡിനേറ്റർ/ അദ്ധ്യാപകർ, മികച്ച ജല സൗഹൃദ സംരക്ഷക പി.റ്റി.എ എന്നിവർക്കും പുരസ്കാരങ്ങൾ ഏർ പ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ